**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5602** — 04.07.2013 **ലെ മറുപടിയ്ക്ക്**

## പരസ്യങ്ങൾക്കായി ചെലവഴിച്ച തുക

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതിപിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|
| എ) വിനോദസഞ്ചാര വകുപ്പ് ഏതൊക്കെ പരസ്യ ഏജൻസികൾ വഴിയാണ് പരസ്യങ്ങൾ നൽകുന്നത് ; | എ) സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻ പ്രൈ. ലിമിറ്റഡ്, തിരുവനന്തപുരം, ഗ്രൂപ്പ് എം. പ്രൈ. ലിമി. മുംബൈ എന്നീ ഏജൻസികൾ വഴിയാണ് വിനോദ സഞ്ചാര വകുപ്പ് പരസ്യങ്ങൾ നൽകുന്നത്, |
| ബി) ഇതിനായി വിനോദസഞ്ചാര വകുപ്പ് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | ബി) പരസ്യ ഏജൻസികൾ വഴി ചെലവഴിച്ച തുക ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br>1. പ്രിന്റ് മീഡിയ – 8.4 കോടി രൂപ<br>2. ടി.വി. – 6.5 കോടി രൂപ<br>3. റേഡിയോ കാമ്പയിൻ – 44 ലക്ഷം രൂപ<br>4. എയർപോർട്ട് ട്രാൻസ്ലൈറ്റിസ് / ഇൻഫോസ്ക്രീൻ – 1.5 കോടി രൂപ<br>5. ഡിജിറ്റൽ മാർക്കറ്റിംഗ് – 2.1 കോടി രൂപ |
| സി) ഇതിനായി ഓരോ പരസ്യ കമ്പനിക്കും കൊടുത്ത തുക എത്രയെന്ന് വിശദമാക്കുമോ; | സി) സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻ പ്രൈ. ലിമിറ്റഡ്, തിരുവനന്തപുരം - 16.84 കോടി രൂപ<br>ഗ്രൂപ്പ് എം. പ്രൈ. ലിമി. മുംബൈ - 2.1 കോടി രൂപ |
| ഡി) പ്രസ്തുത പരസ്യകമ്പനികളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡമെന്താണ്? | ഡി) വിപണനവുമായി ബന്ധപ്പെട്ട് ജോലികൾ ചെയ്യുന്നതിനായി വിവിധ ഏജൻസികളെ ടൂറിസം വകുപ്പ് എംപാനൽ ചെയ്തിട്ടുണ്ട്. ജോലിയുടെ സ്വഭാവം അനുസരിച്ച് ഏത് ഏജൻസിയെ ഏല്പിക്കണമെന്ന് അതത് സമയത്ത് തീരുമാനിക്കും. മേൽ ഏജൻസികളെ ഗവൺമെന്റ് നിശ്ചയിക്കുന്ന കമ്മിറ്റിയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. അനുയോജ്യമായ യോഗ്യതകൾ നിശ്ചയിച്ച് പത്രങ്ങളിൽ പരസ്യം കൊടുത്ത് അപേക്ഷ ക്ഷണിച്ച്, അതിൽ യോഗ്യത നേടി മേൽ കമ്മിറ്റിയുടെ മുമ്പാകെ യോഗ്യതാപ്രമാണങ്ങൾ വിശദമായി പരിശോധിപ്പിച്ച് പ്രവർത്തന മികവിന് വേണ്ട പ്രസന്റേഷൻ നടത്തി കമ്മിറ്റിയുടെ അന്തിമ വിധി നിർണ്ണയം അനുസരിച്ചാണ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ